"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- പി.എം.എ.വൈ. (നഗരം) -ലൈഫ് -സംസ്ഥാനതല / നഗരതല സാങ്കേതിക സെല്ലുകളിലെ കരാർ ജീവനക്കാരുടെ ഒരു മാസത്തെ വേതനം നൽകുന്നതിന് 31.38 ലക്ഷം രൂപ അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി ഇ)വകുപ്പ്**

സ.ഉ.(സാധാ) നം.960/2026/LSGD തീയതി,തിരുവനന്തപുരം, 06-05-2026

---

പരാമർശം:- 1. സ.ഉ.(സാധാ) നം. 12/2026/LSGD തീയതി 01.01.2026

2. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 12.02.2026 ലെ 865/N/2025/KSHO നമ്പർ കത്ത്

**ഉത്തരവ്**

പി.എം.എ.വൈ (നഗരം) - ലൈഫ് പദ്ധതി പ്രവർത്തനങ്ങളുടെ തുടർച്ച ഉറപ്പാക്കുന്നതിനായി പദ്ധതിയുടെ സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ സെൽ/സിറ്റി ലെവൽ ടെക്നിക്കൽ സെൽ (SLTC/CLTC) എന്നിവയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ സേവന കാലാവധി 31.03.2026 വരെ ദീർഘിപ്പിച്ചുകൊണ്ട് പരാമർശം 1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ജീവനക്കാരുടെ ഹോണറേറിയം കുടുംബശ്രീയിൽ ലഭ്യമായ BSUP/IHSDP ഫണ്ടിലെ സംസ്ഥാന വിഹിതത്തിന്റെ പലിശ തുകയിൽ നിന്നും 01.07.2025 മുതൽ 31.01.2026 വരെ വിനിയോഗിച്ച നടപടി സാധൂകരിക്കുന്നതിനും, 2026 ഫെബ്രുവരി വരെയുള്ള ഹോണറേറിയം കുടുംബശ്രീയിൽ നിലവിലുള്ള ഫണ്ടിൽ നിന്നും വിനിയോഗിക്കുന്നതിന് അനുമതിയ്ക്കായും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം 2 പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പി.എം.എ.വൈ. (നഗരം) -ലൈഫ് പദ്ധതിയുടെ ഭാഗമായുള്ള സംസ്ഥാനതല / നഗരതല സാങ്കേതിക സെല്ലുകളിലെ (SLTC/CLTC) കരാർ ജീവനക്കാരുടെ ഒരു മാസത്തെ വേതനം അനുവദിക്കുന്നതിന് ആവശ്യമായ 31.38 ലക്ഷം രൂപ ( മുപ്പത്തി ഒന്ന് ലക്ഷത്തി മുപ്പത്തിയെണ്ണായിരം രൂപ മാത്രം) അനുവദിക്കുന്നതിന് ചുവടെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായി അനുമതി നൽകി

ഉത്തരവ് പുറപ്പെടുവിക്കുന്നു.

1 . 31 .38 ലക്ഷം രൂപയിൽ 7.51 ലക്ഷം രൂപ BSUP / IHSDP പദ്ധതിക്ക് ലഭിച്ച സംസ്ഥാന വിഹിതത്തിന്റെ ബാലൻസ് ആയി കുടുംബശ്രീയുടെ ബാങ്ക് അക്കൗണ്ടിൽ നിലവിലുണ്ടായിരുന്ന തുകയുടെ പലിശയിൽ നിന്നും, ബാക്കിയുള്ള 23.87 ലക്ഷം രൂപ [ 31.38 - 7.51 ] മുതലിനത്തിൽ ഉള്ള ബാലൻസിൽ നിന്നും അനുവദിക്കേണ്ടതാണ്.

2. തുക അനുവദിച്ചതിനു ശേഷം മുതലിനത്തിൽ അവശേഷിക്കുന്ന തുക അടിയന്തരമായി 2217-05-911-99 Deduct-Recoveries of Over Payments PV' എന്ന ശീർഷകത്തിൽ തിരികെ ഒടുക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
ഡയറക്ടർ,നഗരകാര്യ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ &ഇ /ഓഡിറ്റ്),കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് &ന്യൂ മീഡിയ, ഐ. & പി. ആർ.ഡി.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ